**പതിമൂന്നാം കേരള നിയമസഭ**

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3238

21/12/2012 ൽ മറുപടിക്ക്

# ഐ.എ.വൈ പദ്ധതി - ഭവന നിർമ്മാണത്തിനുള്ള തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) ഐ.എ.വൈ. പദ്ധതി പ്രകാരം പൊതു വിഭാഗം, പട്ടികജാതി വിഭാഗം കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് എന്ത് തുക ലഭിക്കും ; | എ) ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും വീട് നിർമ്മിക്കുന്നതിനായി അനുവദിയ്ക്കുന്ന യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപയാണ്. |
| ബി) ഇതിൽ കേന്ദ്ര സർക്കാർ വിഹിതം എത്ര ; ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എത്ര ; | ബി) ഇതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആകെ വിഹിതം 48,500/- രൂപയാണ് ഇതിൽ കേന്ദ്ര വിഹിതം 36,375/- രൂപയും (75%) സംസ്ഥാന വിഹിതം 12,125/- രൂപയുമാണ് (25%) . ബാക്കി തുക ഗ്രാമ / ബ്ളോക്ക് / ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തുന്നു. |
| സി) മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രസ്തുത സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനുള്ള ഫണ്ട് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) 15.09.2011 മുതൽ പൊതു വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും യഥാക്രമം 75,000/- രൂപയും 1,00,000/- രൂപയുമായിരുന്നത് 2 ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 1,25,000/- രൂപയുമായിരുന്നത് 2,50,000/- രൂപയുമായി വർദ്ധിപ്പിച്ചതുമുഖേന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യത വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(ഡി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ?

(ഡി) 2012-13 സാമ്പത്തിക വർഷം ഐ.എ.വൈ യുടെ തുക വർദ്ധനവ് മുഖേന ഉണ്ടായിട്ടുള്ള സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനായി ഈ വർഷം അനുവദിച്ചിട്ടുള്ള ആകെ വീടുകളിൽ ഓരോ വീടിനും 75,000/- രൂപ വീതം അധിക സഹായമായി അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനായി ഈ വർഷത്തെ ബഡ്ജറ്റ് അലോക്കേഷന് പുറമെ 100 കോടി രൂപ കൂടി ആവശ്യാനുസരണം അനുവദിക്കുന്നതായിരിക്കുമെന്നും ഉത്തരവായിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾക്കുണ്ടായിട്ടുള്ള അധിക ബാധ്യത പരിഹരിക്കുന്നതിന് ഹഡ്കോയിൽ നിന്ന് വായ്പ എടുക്കുന്നതിന് 07/12/2012 ലെ സ.ഉ.(എംഎസ്) നം. 327/12/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ